II ഇ.ബി.XIV-കേരള നിയമസഭ/IV-2

# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ഫെബ്രുവരി 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4 (*31) കൺസ്യൂമർഫെഡിന്റെ പുനരുദ്ധാരണം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് തകർച്ചയിലായിരുന്ന കൺസ്യൂമർ ഫെഡിനെ പുനരുദ്ധാരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി സഭയെ അറിയിച്ചു. ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാ പ്രവർത്തനത്തിന് രൂപം നൽകൽ, എല്ലാ മാസവും ഹെഡ്ഡാഫീസ് തലത്തിൽ റീജിയണൽ മാനേജർമാരുടെ റിവ്യൂ മീറ്റിംഗുകളും റീജിയണൽ തലത്തിൽ ത്രിവേണി, നീതി മെഡിക്കൽ സ്റ്റോർ, വിദേശമദ്യ ഷോപ്പ് എന്നിവയുടെ റിവ്യൂ

മീറ്റിംഗുകൾ സംഘടിപ്പിക്കൽ, യൂണിറ്റുകളിലും ഗോഡൗണുകളിലും സർപ്രൈസ് ഇൻസ്പെക്ഷൻ ഏർപ്പെടുത്തൽ, ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകൽ, പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപങ്ങളുടെ 12.39 കോടി രൂപയുടെ പലിശയും 0.26 കോടി രൂപയുടെ മുതലും തിരിച്ച് നൽകൽ, സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ഉയർന്ന പലിശ നിരക്കിൽ വാങ്ങിയ വായ്പകൾ തിരിച്ചടച്ച് പലിശ നഷ്ടം ഒഴിവാക്കൽ, പ്രാഥമിക സഹകരണ സംഘങ്ങളുടെ 12 മുതൽ 13 ശതമാനം വരെ പലിശയുള്ള നിക്ഷേപങ്ങൾ തിരിച്ച് നൽകി 7.75 മുതൽ 8.75 ശതമാനം വരെ പലിശയുള്ള ഹ്രസ്വകാല നിക്ഷേപങ്ങളാക്കി മാറ്റൽ, കൺസ്യൂമർഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ലാഭക്ഷമതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള കർമ്മപദ്ധതിയ്ക്ക് രൂപം നൽകൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകത തിട്ടപ്പെടുത്തി ഗോഡൗണുകളെ പുനഃക്രമീകരിക്കുകയും ഗോഡൗണുകളിൽ കെട്ടിക്കിടന്ന പഴകിയ സാധനങ്ങൾ സഹകരണ വകുപ്പിന്റെ സഹായത്തോടെ ലേലത്തിൽ വിറ്റഴിക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 700 ലേറെ നീതി സ്റ്റോറും 500 നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തന സജ്ജമാക്കാൻ സാധിച്ചുവെന്നും മന്ത്രി വ്യക്തമാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി

വിപുലീകരിച്ചതിലൂടെ പ്രവർത്തനം ജനകീയവും സുതാര്യവുമാക്കാൻ സാധിച്ചു. കേന്ദ്രീകൃത പർച്ചേസ് സംവിധാനവും ഇ-ടെൻഡർ സംവിധാനവും നടപ്പാക്കിയതായും മരുന്ന് ഉല്പാദക കമ്പനികളുമായി ആശയവിനിമയം നടത്തി കൺസ്യൂമർഫെഡിനെ സി. ആന്റ്. എഫ് ഏജൻസിയായി പരിഗണിച്ചതിലൂടെ ഡിസ്കൗണ്ട് ഇനത്തിൽ വർദ്ധനവ് ഉണ്ടാക്കാനായെന്നും വിദേശമദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട ഇൻസെന്റീവ് കൺസ്യൂമർഫെഡിൽ അടയ്ക്കണമെന്ന് നിഷ്കർഷിച്ചതിലൂടെ 76,18,794/- രൂപ സമാഹരിക്കാനായെന്നും പ്രവർത്തന ചെലവ് 9 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നും മന്ത്രി അറിയിച്ചു. ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തുകയും ലാഭകരമല്ലെന്ന് കണ്ടെത്തിയ 741 നന്മ സ്റ്റോറുകൾ ഒഴിവാക്കുകയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധ വിഭാഗങ്ങൾക്ക് ചിട്ടയായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രതിമാസ ഭരണച്ചെലവ് 6.75 ശതമാനമായും പ്രതിമാസ പലിശ 3.45 കോടി രൂപയായി കുറയ്ക്കുന്നതിനും കഴിഞ്ഞു. പ്രതിമാസ വിൽപ്പന 162 കോടി രൂപയായും പ്രതിദിന വിറ്റുവരവ് 6 കോടി രൂപയായും വർദ്ധിപ്പിക്കുന്നതിനും 8 കോടി രൂപ വീതം ലാഭത്തിലാക്കാനും കഴിഞ്ഞുവെന്നും മന്ത്രി വ്യക്തമാക്കി. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ജോയിന്റ് രജിസ്ട്രാർമാരേയും കൺസ്യൂമർഫെഡ് പ്രതിനിധികളെയും പങ്കെടുപ്പിച്ച്

സഹകരണ സംഘം രജിസ്ട്രാർ രണ്ട് തവണ യോഗം നടത്തുകയും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തുടർ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് അരി വില വർദ്ധന തടയുന്നതിനായി അരി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽനിന്നും കുറഞ്ഞ വിലയ്ക്ക് അരി സംഭരിച്ച് വിതരണം ചെയ്യുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഫെഡറേഷന് കൊമേഴ്ഷ്യൽ ഗ്യാസ് റീഫില്ലിങ് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നതായും ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും മുൻ സർക്കാരിന്റെ കാലത്തുനടന്ന അഴിമതിയെക്കുറിച്ച് പോലീസ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണവും സംസ്ഥാന സഹകരണ വകുപ്പിന്റെ അന്വേഷണവും നടന്നുവരുന്നതായും മന്ത്രി വ്യക്തമാക്കി. ഉൽപ്പാദന കേന്ദ്രത്തിൽ നിന്നും അരി വാങ്ങി നീതി സ്റ്റോറുകളിലൂടെ വിൽപ്പന നടത്താൻ കൺസ്യൂമർഫെഡ് നേതൃത്വം നൽകുന്നുണ്ടെന്നും കൺസ്യൂമർഫെഡിന്റെ മദ്യവിൽപ്പനശാല ജനവാസ കേന്ദ്രം/സ്കൂൾ പരസരത്തുനിന്നും മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും അവശ്യ സാധനങ്ങൾക്ക് സബ്സിഡി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5(*32) <u>ചരക്കുസേവന നികുതി</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, വാണിജ്യ നികുതി വകുപ്പിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നൽകാൻ എൻറോൾമെന്റ് പ്രക്രിയ ആരംഭിച്ചിട്ടുണ്ടെന്നും 1,52,474 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയെന്നും ബാക്കിയുള്ള വ്യാപാരികൾ സമയബന്ധിതമായി രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുവേണ്ട ഊർജ്ജിത ശ്രമങ്ങൾ വകുപ്പ് തലത്തിൽ നടത്തിവരുന്നുണ്ടെന്നും രജിസ്ട്രേഷനാവശ്യമായ രേഖകൾ ഡിജിറ്റൽ ഒപ്പ് സഹിതം സമർപ്പിച്ചാൽ മാത്രമേ ജി.സി.ടി. രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂവെന്നും സഭയെ അറിയിച്ചു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജി.എസ്.ടി.- യിലെ വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും e-payment നടത്തുന്നതിനും വേണ്ട common portal GSTN എന്ന കമ്പനി തയ്യാറാക്കി വരുന്നുണ്ട്. Assesment, Audit, Appeal, Enforcement തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് backend module തയ്യാറാക്കേണ്ടതുണ്ടെന്നും അതിനു വേണ്ട software application തയ്യാറാക്കൽ പുരോഗമിക്കുന്നുണ്ടെന്നും സെർവ്വർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ വകുപ്പ് തലത്തിൽ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്താകെ ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള

വ്യാപാരികളുടെ ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന - കേന്ദ്ര സർക്കാരുകൾക്ക് അഡ്മിനിസ്റ്റർ ചെയ്യാനുള്ള അധികാരം നല്കുന്നതിന് GST Council തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തീരക്കടലിൽ നടക്കുന്ന ക്രയവിക്രയങ്ങളുമായി ബന്ധപ്പെട്ട് അതാത് സംസ്ഥാനത്തിന് നികുതി ചുമത്താനുള്ള അധികാരം നൽകാൻ GST Council അംഗീകാരം കിട്ടിയിട്ടുണ്ട്. ആഡിറ്റ് പരാമർശത്തെത്തുടർന്ന് നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ആധുനിക സോഫ്റ്റ് വെയർ തയ്യാറാക്കുമെന്നും ചരക്ക് സേവന നികുതി നിയമം നിലവിൽ വരുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. ചരക്കുവാഹനങ്ങൾ നിയമവിരുദ്ധമായി ഊട് വഴികളിൽ കൂടി കടന്നുപോകുന്നത് തടയുന്നതിനായി സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുമെന്നും പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ, പാലക്കാട് മേഖലകളിൽ അടുത്ത മാസം മുതൽ ഇത്തരം ക്യാമറകൾ സ്ഥാപിക്കുമെന്നും ആഡംബര വസ്തുക്കളുടെമേൽ 50 ശതമാനം വരെ നികുതി ചുമത്തുന്നുണ്ടെന്നും നികുതി വെട്ടിപ്പ് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6(*33)<u>വൈദ്യുതി നിരക്ക വർദ്ധന</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, വൈദ്യുതി നിരക്കുവർദ്ധനവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലുണ്ടെന്നും വൈദ്യുതി ബോർഡിന്റെ വരവ് ചെലവു കണക്കുകൾ പരിശോധിച്ച് റവന്യൂ വിടവ് തിട്ടപ്പെടുത്തിയാണ് താരിഫ് പരിഷ്കരണം നടത്തേണ്ടതെന്നും ഓരോ വർഷത്തേയും റവന്യൂ വിടവിനോടൊപ്പം മുൻ വർഷങ്ങളിലെ സഞ്ചിത വിടവും താരിഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ടെന്നും സഭയെ അറിയിച്ചു. വർദ്ധിച്ച വൈദ്യുതി ഉപഭോഗവും മഴക്കുറവുംമൂലം വൈദ്യുതി ഉൽപ്പാദനം കുറഞ്ഞതും വൈദ്യുതി വാങ്ങൽ ചെലവ് കൂടുന്നതിന് കാരണമായിട്ടുള്ളതും താരിഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ട്. വൈദ്യുതി ബോർഡിലെ നിരക്കു പരിഷ്കരണം ലാഭ-നഷ്ടക്കണക്കിനെ ആശ്രയിച്ചല്ല കണക്കാക്കുന്നതെന്നും കമ്മീഷൻ നിരക്ക് വർദ്ധന പരിഗണിക്കുമ്പോൾ ലാഭ-നഷ്ടക്കണക്കുകൂടി കണക്കിലെടുത്താണ് അന്തിമ തീരുമാനം കൈക്കൊള്ളുന്നതെന്നും മന്ത്രി വ്യക്തമാക്കി. 'വൈദ്യുതി നിയമം 2003' പ്രാബല്യത്തിൽ വന്നതിനുശേഷം ബോർഡിന്റെ നിരക്ക് പരിഷ്കരണം നടത്തുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി ബോർഡിന്റെ മുൻവർഷങ്ങളിലെ ആഡിറ്റ് ചെയ്ത കണക്കനുസരിച്ച് സമർപ്പിച്ചിട്ടുള്ള ട്രൂയിംഗ് അപ്പ് പെറ്റീഷൻ

കൂടി പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുമെന്നും മഴക്കുറവുകാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി വാങ്ങേണ്ടിവരുമെന്നും മന്ത്രി അറിയിച്ചു. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുമെന്നും 2017 മാർച്ച് 31-ഓടുകൂടി പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുൾപ്പെടെ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുമെന്നും ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിനായി വൈദ്യുതി ഉൽപ്പാദനത്തിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 403 മുതൽ 768 വരെയുള്ള ചോദ്യങ്ങളിൽ 215 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)